I/26043/2023

**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2328654**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

തീയതി: 24-07-2023

പ്രേഷകൻ

ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനിർമാരും

സർ,

വിഷയം: മാർക്കറ്റ് സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിലെ പബ്ലിക് ടാപ്പുകളിൽ ജലവിതരണം അളക്കുന്നതിന് വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

സൂചന : ബഹുമാനപ്പെട്ട ധനവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടയുമായുള്ള ചർച്ചയിലെ നിർദ്ദേശം.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് അഡിഷണൽ സെക്രട്ടറി വിളിച്ചികൂട്ടിയ യോഗത്തിലെ നിർദ്ദേശാനുസരണം പബ്ലിക് മാർക്കറ്റ് പോലുള്ള സ്ഥലങ്ങളിൽ ജലത്തിൻറെ ദുരുപയോഗം കണ്ടെത്തുന്നതിനും ഇത്തരത്തിലുള്ള പൊതുടാപ്പുകൾ സ്ഥാപിക്കുക വഴി വാട്ടർ അതോറിറ്റിക്കുള്ള ലാഭ നഷ്ടങ്ങൾ അളക്കുന്നതിനും വാട്ടർ മീറ്ററുകൾ സ്ഥാപിക്കണം എന്ന് നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ താങ്കളുടെ ഡിവിഷൻറെ പരിധിയിലെ എല്ലാ പൊതു മാർക്കറ്റ് സ്ഥലങ്ങളിലും ദുരുപയോഗ സാധ്യത കൂടുതലുള്ള മറ്റു സ്ഥലങ്ങളിലും നൽകിയിട്ടുള്ള പബ്ലിക് ടാപ്പുകളിൽ സമയ ബന്ധിതമായി വാട്ടർ മീറ്ററുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതാത് ഡിവിഷനുകളിലെ ഓഫീസ് എക്സ്പെൻസിൽ നിന്നും മീറ്റർ വാങ്ങുന്നതിന്റെ ചെലവ് അനുവദിക്കാവുന്നതാണ്. വാട്ടർ അതോറിറ്റി സെർട്ടിഫൈ ചെയ്ത ഏത് നിർമ്മാതാവിന്റെ വാട്ടർ മീറ്ററും അതിനായി തിരഞ്ഞെടുക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

SHIJITH V
FINANCE MANAGER & CHIEF

I/26043/2023

ACCOUNTS OFFICER

പകർപ്പ്: 1. എല്ലാ ചീഫ് എഞ്ചിനിർമാർക്കും

എല്ലാ സൂപ്രണ്ടിങ് എഞ്ചിനിർമാർക്കും

ഉള്ളടക്കം: 1.